## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2009 10.10.2011-ൽ മറുപടിയ്ക്ക്

### കോഴിക്കോട് മെഡിക്കൽ കോളേജിലെ ചികിൽസാ സൗകര്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ. കെ. ലതിക : | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) കോഴിക്കോട് മെഡിക്കൽ കോളേജിലെ ചികിൽസാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് മേപ്പയ്യൂർ എം.എൽ.എ.യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്ന് ധനസഹായം ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിൽസാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് മേപ്പയ്യൂർ എം.എൽ.എ. യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്ന് 5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത സംഖ്യ ഉപയോഗിച്ച് എന്തെല്ലാം ചികിൽസാ സൗകര്യങ്ങൾ മെഡിക്കൽ കോളേജിൽ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) പ്രസ്തുത സംഖ്യ പക്ഷാഘാത ചികിത്സയ്ക്കുള്ള കൺസ്യൂമബിൾ വാങ്ങുന്നതിന് ഉപയോഗിച്ചുവരുന്നു. |
| (സി) ഇപ്രകാരം ഏർപ്പെടുത്തിയ ചികിൽസാ സൗകര്യം എത്രപേർക്ക് നൽകിയിട്ടുണ്ടെന്നും ഇപ്പോഴും പ്രസ്തുത ചികിൽസാ സൗകര്യം മെഡിക്കൽ കോളേജിൽ നിലവിലുണ്ടോയെന്നും വ്യക്തമാക്കുമോ ? | (സി) ഇപ്രകാരം ഏർപ്പെടുത്തിയ ചികിൽസാ സൗകര്യം ഉപയോഗിച്ച് 35 പേർക്ക് ചികിത്സ നൽകിയിട്ടുണ്ട്. മെഡിക്കൽ കോളേജിൽ ഇപ്പോഴും ചികിത്സാ സൗകര്യം ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ